# O.S.S.A.E.

## വേദപ്രവീൺ ഡിപ്ലോമ പരീക്ഷ 2015

Class XII

Time 3 hrs

Marks 100

26-12-2015, 10 a.m. to 1 p.m.

### Part - A

**പേരെഴുതുക (1-5)** 5

1. ബൈബിളിന്റെ ഗ്രീക്ക് പരിഭാഷ നടന്ന സ്ഥലം.
2. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ആദ്യ ജനറൽ സെക്രട്ടറി.
3. യഹൂദ മതജീവിതത്തിന്റെ കേന്ദ്രം.
4. അത്ഭുത പ്രവർത്തകനും പ്രകാശവാഹിയുമായി അറിയപ്പെടുന്ന സഭാപിതാവ്.
5. നാം പലരാണ്, എന്നാൽ നമ്മളെല്ലാവരും ഒന്നാണ് എന്നു പറഞ്ഞ വ്യക്തി.

**പൂരിപ്പിക്കുക (6-10)** 5

6. .......................... എന്ന ചൈനീസ് പദമാണ് ഷിന്റോ മതപ്രസ്ഥാനത്തിന് അടിസ്ഥാനം.
7. 2002 മാർച്ച് 20-ന് നടന്ന മലങ്കര അസോസിയേഷൻ യോഗം.............................. ക്രമപ്രകാരമുള്ള മലങ്കര മെത്രാപ്പോലീത്താ എന്ന് വോട്ടെടുപ്പിലൂടെ സ്ഥിരീകരിച്ചു.
8. 1811-ൽ ബോംബെയിൽനിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ച ബൈബിൾ പരിഭാഷ ............................ എന്ന് അറിയപ്പെടുന്നു.
9. ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പെരുന്നാൾ.............................. ആണെന്ന് പറയാം.
10. യേശുവേ ദാവീദുപുത്രാ......................... എന്നോട് കരുണ തോന്നേണമേ.

**ചേരുംപടി ചേർക്കുക (11-15)** 5

| | | |
|---|---|---|
| 11. തിയോസിസ് | - | സാധാരണ |
| 12. ജൈനമതം | - | പൂവരാഹൻ |
| 13. ശ്ഹീമ | - | എല്ലാവർക്കും നന്മ |
| 14. കോളിൻ മക്കാളി | - | ദൈവീകരണം |
| 15. സർവ്വോദയ | - | സനാതനം |

**താഴെപറയുന്ന സംഭവങ്ങൾ നടന്ന വർഷം എഴുതുക (16-20)** 5

16. ജാമ്നിയാ കൗൺസിൽ
17. YMCA സ്ഥാപിതമായത്.
18. രണ്ടാം പേർഷ്യൻ കുടിയേറ്റം
19. പഴയ സെമിനാരി സ്ഥാപനം
20. ആഡീസ് അബാബയിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനം.

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക (21-25)** 5

21. ബൈബിൾ പഠനം സാധ്യമാക്കേണ്ടത് എങ്ങനെ?
22. ഏത് സങ്കീർത്തനഭാഗം വിശ്വാസമായി സ്വീകരിക്കുമ്പോഴാണ് കുടുംബജീവിതം വിജയിക്കുന്നത്?
23. ഓർത്തഡോക്സ് ആരാധനക്രമത്തിൽ ആരാധനയുടെ മകുടം എന്ത്?

24. കുരിശു യുദ്ധങ്ങൾ എന്നാൽ എന്ത്?
25. ദളിത് എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (26)** 5

26. കുടുംബബന്ധങ്ങളുടെ തകർച്ചയുടെ പരിഹാരമാർഗ്ഗങ്ങൾ.

## Part - B

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (27–28)** 4

27. യിസ്രായേൽക്കാർ സാക്ഷ്യപ്പെട്ടകം ഉണ്ടാക്കുവാൻ സാഹചര്യമെന്ത്?
28. ത്രൈശുദ്ധ കീർത്തനത്തിന്റെ ഉത്ഭവം സംബന്ധിച്ച സുറിയാനി പാരമ്പര്യം എന്ത്?

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക (29–30)** 6

29. വി. കുർബ്ബാന രക്തരഹിത ബലിയാണ്. വിശദീകരിക്കുക.
30. വിശുദ്ധ കുർബ്ബാനയുടെ അർത്ഥതലങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ.

## Part - C

**ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (31–35)** 5

31. തോന്നൽ വാദത്തെ (Docetism) തന്റെ രചനകളിലൂടെ എതിർത്ത പിതാവ്.
(അന്ത്യോക്യയിലെ ക്ലീമ്മിസ്, വലിയ മാർ ബസ്സേലിയോസ്, സ്മിർണായിലെ പോളിക്കാർപ്പോസ്)
32. മലങ്കര സഭയുടെ വാനമ്പാടി എന്നറിയപ്പെടുന്ന പിതാവ്.
(ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്)
33. അദ്ധ്യാപനത്തിന് ആത്മീകവികാസം എന്നൊരു ലക്ഷ്യം ഉണ്ടെന്ന് വ്യക്തമാക്കിയത്.
(മഹാത്മാഗാന്ധി, ഡോ. എസ്. രാധാകൃഷ്ണൻ, ജവഹർലാൽ നെഹ്റു)
34. പരിസ്ഥിതി നേരിടുന്ന പ്രശ്നങ്ങൾ ആദ്യമായി ലോകശ്രദ്ധയിൽ കൊണ്ടുവന്ന കോൺഫറൻസ് നടന്ന സ്ഥലം.
(സ്റ്റോക്ക് ഹോം, ആംസ്റ്റർ ഡാം, ജർമ്മനി)
35. ഇംഗ്ലണ്ടിൽ സൺഡേസ്കൂളിന് ആരംഭം കുറിച്ചത്.
(വില്യം ബൂത്ത്, റോബർട്ട് റെയ്ക്സ്, ആൽബർട്ട് ഷ്വൈറ്റ്സർ)

**ശരിയോ, തെറ്റോ എന്ന് എഴുതുക (36–40)** 5

36. മെമ്രയുടെ തോപ്പിൽ വച്ച് അബ്രഹാമിന് പ്രത്യക്ഷപ്പെട്ട മൂന്നുപേരെ അബ്രഹാം യജമാനനെ എന്ന ഏകവചനത്തിലാണ് സംബോധന ചെയ്തത്.
37. കൊപ്റ്റിക്ക് ഓർത്തഡോക്സ് സഭയുടെ സ്ഥാപകൻ വി. യോഹന്നാൻ ശ്ലീഹായാണ്.
38. ഗ്രേഡിങ് രീതിയെക്കാൾ വളരെ മെച്ചപ്പെട്ടതാണ് മാർക്കിങ് രീതി.
39. സീനായ് മലയിൽ വച്ച് മോശവഴിയായി ദൈവം ന്യായപ്രമാണങ്ങൾ നല്കി.
40. അയൽക്കാരനെ സ്നേഹിക്കുക എന്നതിൽ പരിസ്ഥിതിയെ സ്നേഹിക്കുക എന്നതുകൂടി അടങ്ങി യിരിക്കുന്നു.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക (41–50)** 10

41. ഒ.എസ്.എസ്.എ.ഇ. യുടെ ഇപ്പോഴത്തെ ഡയറക്ടർ ജനറൽ.
42. മിഷൻ ബോർഡിന്റെ ഇപ്പോഴത്തെ പ്രസിഡന്റ്.
43. വിശുദ്ധരുടെ സംസർഗ്ഗസാന്നിദ്ധ്യത്തിൽ അഗ്രിമസ്ഥാനം നൽകുന്നത് ആർക്കാണ്.
44. പഠന സഹായികൾ കുട്ടികളുടെ പഠനത്തിന് ഉപയോഗിക്കണമെന്ന് ആദ്യം നിർദ്ദേശിച്ച ആൾ?

45. അദ്ധ്യാപനത്തിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായി തയ്യാറാക്കുന്ന രൂപരേഖയുടെ പേരെന്ത്?
46. യഹൂദ ജനതയുടെ ആരാധനാകേന്ദ്രവും മതബോധന കേന്ദ്രവും ഏത്?
47. മലങ്കരയുടെ പഠിത്തവീട് എന്നറിയപ്പെടുന്ന സ്ഥാപനം ഏത്?
48. മലങ്കര സഭ പ്രായപൂർത്തിയായവർക്കായി ഏർപ്പെടുത്തിയിരിക്കുന്ന തുടർവിദ്യാഭ്യാസപരിപാടി എന്ത്?
49. ലോകപരിസ്ഥിതി ദിനം എന്ന്?
50. മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല. ഇതിന്റെ ബൈബിൾ റഫറൻസ് എഴുതുക.

**വാക്യം പൂരിപ്പിക്കുക. (51–55)** 5

51. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ.................................. കാണും.
52. എന്നെ അയച്ചവന്റെ ................................. പകൽ ഉള്ളടത്തോളം നാം ചെയ്യേണ്ടതാണ്.
53. മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി ................................. ഏൽക്കുന്നത് എന്തിന്.
54. യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ.......................... തന്നെ.
55. യഹോവയുടെ........................... ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യങ്ങളും ഉളവായി.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (56)** 5

56. പാരമ്പര്യം വേദപുസ്തകാടിസ്ഥാനവും അപ്പോസ്തോലികവുമാണ്-വിവരിക്കുക.

## Part - D

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (57–58)** 4

57. കുഞ്ഞുങ്ങൾക്ക് ദൈവകൃപ പ്രാപിക്കുവാൻ കഴിവുണ്ട് എന്നതിന് വി. വേദപുസ്തകത്തിൽ നിന്നും രണ്ടു ഉദാഹരണങ്ങൾ എഴുതുക.
58. കശ്ശീശാ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട തീമോത്തിയോസിന് പൗലോസ് ശ്ലീഹാ നൽകിയ രണ്ട് ഉപദേശങ്ങൾ എഴുതുക.

**ഓരോ ഖണ്ഡിക എഴുതുക. (59–60)** 6

59. ഭവന കൂദാശയുടെ ഒരുക്കം.
60. തൈലാഭിഷേക ശുശ്രൂഷയുടെ വേദപുസ്തക അടിസ്ഥാനം.

## Part - E

**താഴെക്കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് തുടർന്നു കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** 4

അനന്തരം യഹോവയുടെ ഒരു ദൂതൻ വന്ന് ഒഫ്രയിൽ അബീയേസ്ര്യനായ യോവാശിന്റെ കരുവേലകത്തിൻകീഴെ ഇരുന്നു. അവന്റെ മകനായ ഗിദെയോൻ കോതമ്പു മിദ്യാന്യരുടെ കൈയിൽ പെടാതിരിക്കേണ്ടതിന് മുന്തിരിച്ചക്കിനരികെവച്ചു മെതിക്കയായിരുന്നു. യഹോവയുടെ ദൂതൻ അവനു പ്രത്യക്ഷനായി; അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ട് എന്ന് അവനോടു പറഞ്ഞു. ഗിദെയോൻ അവനോട് അയ്യോ. യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്?

61. ഈ ഭാഗം വേദപുസ്തകത്തിലെ ഏതു പുസ്തകത്തിൽ നിന്നു എടുത്തിരിക്കുന്നു.
62. ഗിദയോന്റെ പിതാവ് ആരായിരുന്നു?
63. യജമാനനേ എന്ന് ഗിദയോൻ സംബോധന ചെയ്യുന്നത് ആരെ?
64. ഗിദയോനെ ദൈവം തെരഞ്ഞെടുത്തത് എന്തിന്?

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക** 5

65. ജനപങ്കാളിത്തം പൗരസ്ത്യ ആരാധനയിൽ.

**പ്രാർത്ഥന.** 3

66. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്ന ഞങ്ങളോട്..................................
ഞങ്ങളുടെ ആത്മാക്കളിൻമേൽ കരുണ ചെയ്യണമേ.

**ഗീതം** 3

67. അത്ഭുതമാം ഫലമേകും............................... കാട്ടുന്നു (4 വരി)
ഏത് വേദവിപരീതത്തിനാണ് ഈ ഗീതം ഉത്തരം നൽകുന്നത്.

68. നിങ്ങൾ ചെയ്ത പ്രോജക്ട് എന്തായിരുന്നു? അതിലുള്ള കണ്ടെത്തലുകൾ എന്തെല്ലാം? 5